DWCD/2881/2024-PC1

വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ജില്ലാ തല ഓഫീസർമാരുമായുള്ള അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്

ബഹു. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, ജില്ലാതല പ്രോഗ്രാം ഓഫീസർമാർ, വനിതാ സംരക്ഷണ ഓഫീസർമാർ, ജില്ല ശിശു സംരക്ഷണ ഓഫീസർമാർ എന്നിവരുടെ അവലോകന യോഗം 2024 ജൂൺ മാസം 13,14,15 തീയതികളിലായി വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ വച്ച് കൂടിയിരുന്നു. 2024 ജൂൺ 13 ന് രാവിലെ 10 മണിമുതൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും വനിതാ സംരക്ഷണ ഓഫീസർമാരെയും, ജില്ല ശിശു സംരക്ഷണ ഓഫീസർമാരെയും ഉൾപ്പെടുത്തി അവലോകന യോഗം ആരംഭിച്ചു. യോഗം അന്നേ ദിവസം വൈകിട്ട് 5 മണിക്ക് അവസാനിച്ചു. 2024 ജൂൺ 14 ന് രാവിലെ 10 മണിമുതൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും ജില്ലാതല പ്രോഗ്രാം ഓഫീസർമാരെയും ഉൾപ്പെടുത്തി യോഗം ആരംഭിച്ചു. പ്രസ്തുത യോഗം അന്നേദിവസം വൈകിട്ട് 6.30 ന അവസാനിച്ചു. 2024 ജൂൺ 15 ന് രാവിലെ 10 മണിമുതൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ ഉൾപ്പെടുത്തി യോഗം ആരംഭിച്ചു. . പ്രസ്തുത യോഗം അന്നേദിവസം വൈകിട്ട് 5 മണിക്ക് അവസാനിച്ചു. യോഗത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിൻ മേലുള്ള നടപടി കുറിപ്പ് ചുവടെ ചേർക്കുന്നു.

__പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശങ്ങൾ__

1. പുതിയ പദ്ധതികൾ / നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ടെക്കനിക്കൽ ഇഷ്യൂസ് അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം
2. ക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികളെ ഡി ഇൻസ്റ്റിട്യൂഷനലൈസ് ചെയ്യുന്നതിന് മുൻഗണന നൽകണം
3. വിവിധ ക്ഷേമ സ്ഥാപനങ്ങളിൽ കഴിയുന്ന അന്തേവാസികൾക്ക് എല്ലാം വിശദമായ ICPതയ്യാറാക്കണം . അത് കൃത്യമായി റീ ഇവാല്യുവേറ്റ് ചെയ്യണം.
4. എല്ലാ ക്ഷേമസ്ഥാപനങ്ങളുടെയും SOP finalise ചെയ്യണം
5. എല്ലാ ഹോമുകളിലും livlehood activities, Skilling activities വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
6. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾ നിർമ്മിക്കുന്ന വസ്തുക്കൾ വിറ്റഴിച്ച് അവരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
7. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും ജില്ലാതല പ്രോഗ്രാം ഓഫീസർമാരും വനിതാ

സംരക്ഷണ ഓഫീസർമാരും ജില്ല ശിശു സംരക്ഷണ ഓഫീസർമാരും Pro active ആയി കാര്യങ്ങൾ ചെയ്യണം. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ സംഭവ സ്ഥലം സന്ദർശിച്ച് അവശ്യം വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത വിവരം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

8. ജാഗ്രതാ സമിതിയുടെ മീറ്റിംഗ് കൃത്യമായി നടത്തേണ്ടതാണ്.
9. പഞ്ചായത്തുകളുടെ ആനുവൽ പ്ലാനിൽ 10 % പ്ലാൻ ഫണ്ട് വനിതാ ശാക്തീകരണ സംരക്ഷണ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കണമെന്നാണ്. Random ആയി പഞ്ചായത്തുകളുടെ ആനുവൽ പ്ലാൻ എടുത്ത് പരിശോധിക്കണം. **(നടപടി: ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ, വനിതാ സംരക്ഷണ ഓഫീസർമാർ)**
10. 181 ഹെൽപ്പ് ലൈൻ നമ്പർ കോളേജുകളിലും പൊതു സ്ഥലങ്ങളിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം
11. വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും കൃത്യമായി വിലയിരുത്തണം. പ്രവർത്തനങ്ങളിൽ visibility ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കണം.

**ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും വനിതാ സംരക്ഷണ ഓഫീസർമാരെയും, ജില്ല ശിശു സംരക്ഷണ ഓഫീസർമാരെയും ഉൾപ്പെടുത്തി 13.06.2024 ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

**<u>മിഷൻ വാത്സല്യ യുമായി ബന്ധപ്പെട്ട അവലോകനം</u>**

12. കഴിഞ്ഞ സാമ്പത്തിക വർഷം ചിലവഴിച്ച തുകയുടെ PPA യുമായി ഒത്തു നോക്കി ശരിയാണെന്ന് ഉറപ്പു വരുത്തി അയച്ചു തരേണ്ടതാണ്. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**
13. ബാലനിധിയുടെ പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ CWC യുടെ ശുപാർശ വാങ്ങേണ്ടതുണ്ടെന്നും ആയതിന്റെ പകർപ്പ് പ്രോപ്പോസലിന്റെ കൂടെ സമർപ്പിക്കുവാനും നിർദേശിച്ചു **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**
14. സ്പോൺസർഷിപ്പ്, PM കെയർ , ഫോസ്റ്റർ കെയർ എന്നിവയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ SFAC തീരുമാനം ലിസ്റ്റ് ,നോൺ ഡ്യൂപ്ലിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കണം **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**
15. EXPENDITURE പ്ലാൻ സ്പേസിൽ EXPENDITURE വുമായി സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാനെന്നു നിർദേശം നൽകി **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**
16. ഐ ഇ സി പ്രവർത്തനത്തിനുള്ള പ്രൊപ്പോസൽ നിശ്ചിത തിയതിക്കകം നൽകുന്നതിനുള്ള നടപടി എല്ലാ DCPO മാരും സ്വീകരിക്കണം . **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

17. സ്പോൺസർഷിപ്പ് ന അനുവദിക്കുന്ന തുക സമയബന്ധിതമായി ചിലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദേശം നൽകി. കൂടാതെ തുഅക് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമയബന്ധിതമായി സമർപ്പിക്കുക. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

18. അടുത്ത തവണ സ്റ്റേറ്റ് ഓഫീസിൽ നിന്നും സ്പോൺസർഷിപ്പിന് അനുവദിക്കുന്ന തുക ആറു (6) മാസത്തേയ്ക്ക് ഒരുമിച്ച് നൽകേണ്ടതാണെന്നു ഡയറക്ടർ നിർദേശിച്ചു. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

19. കൊവിഡ് അസിസ്റ്റൻസ് പ്രകാരം അനുവദിക്കേണ്ട തുക ജില്ലകൾ പരിശോധിച്ച് സമയബന്ധിതമായി പ്രൊപ്പോസൽ നൽകേണ്ടതാണ്. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

20. മിഷൻ വാത്സല്യ പോർട്ടൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതാണെന്നു നിർദേശിച്ചു. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

21. മിഷൻ വാത്സല്യയുമായി പോർട്ടലുമായി ബന്ധപ്പെട്ട ജീവനക്കാർക്കുള്ള ഒരു ദിവസത്തെ പരിശീലനം ഉടനെ നടത്താൻ തീരുമാനിച്ചു. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

22. മിഷൻ വാത്സല്യയുമായി പോർട്ടലിൽ ജൂലായ് 15 നകം ഓരോ സ്ഥാപനങ്ങളുടെയും എന്ട്രിയും ജൂലായ് 30 നകം ജില്ലകളിലെ മുഴുവൻ ഡാറ്റ എന്ട്രി പൂർത്തിയാക്കേണ്ടതാണെന്ന് ഡയറക്ടർ നിർദേശിച്ചു. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

23. നോൺ റിക്കറിംഗ് ഫണ്ട് അനുവദിച്ച ജില്ലകൾ അവ പൂർണമായും ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദേശിച്ചു. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

24. നോൺ റിക്കറിംഗ് ന ജെ ജെ ബി യ്ക്ക് അനുവദിക്കേണ്ട പ്രോപ്പോസ്സൽ പരിശോധിച്ച് സമർപ്പിക്കുവാൻ നിർദേശിച്ചു**(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

25. ജില്ലകളിലെ ഒഴിവുകൾ സമയ ബന്ധിതമായി നിയമനം നടത്തണമെന്നും ഇത് സംബന്ധിച്ച് ഡയറക്ടറേറ്റ് തലത്തിൽ നിന്നു നൽകിയ നിർദേശങ്ങൾ പാലിച്ചു കൊണ്ടു നടപടി സ്വീകരിക്കണമെന്നു ഡയറക്ടർ നിർദേശിച്ചു **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

26. ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നതിനു പ്രോപ്പോസ്സൽ സമർപ്പിക്കുമ്പോൾ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച ഉത്തരവുകൾ , അഗ്രിമെന്റിന്റെ പകർപ്പ് എന്നിവയും,പ്രവേശിച്ച തിയതിയും. അവസാനിക്കുന്ന തിയതിയും പരിശോധിച്ച് സമർപ്പിക്കണമെന്നു നിർദേശം നൽകി **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

27. ജെ ജെ രജിസ്ട്രേഷൻ സംബന്ധിച്ച് അയക്കുന്ന പ്രോപ്പോസലിൽ ജില്ലാ കളക്ടറുടെ സീൽ ഉൾപ്പെടെ എല്ലാ രേഖകളും ഉൾപ്പെടുത്തി എന്ന് ഉറപ്പു വരുത്തേണ്ടതാണ്. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

28. ഓ ആർ സി പദ്ധതി (SCAL UP) സൈക്കോ സോഷ്യൽ കൌൺസിലർ ഉള്ള സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തികരിക്കാത്ത ജില്ലകൾ ആയതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

29. ജില്ലകളിലെ ഓ ആർ സിയുമായി ബന്ധപ്പെട്ട ജില്ല റിസോഴ്സ് പാനൽ, ജില്ലകളിലെ DRC പാനൽ എന്നിവ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി ജൂലായ് 30 നകം പൂർത്തിയാക്കുവാൻ നിർദേശിച്ചു **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

30. D R C എക്സ്പേർട്ട് പാനലിൽ ക്ലിനികൽ സൈക്കോളജിസ്റ്റ് ന്റെ സേവനം ജില്ലകളിൽ ലഭ്യമാക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ശ്രദ്ധയിൽപ്പെടുത്തി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് അസോസിയേഷനുമായി ബന്ധപ്പെട്ട ഇവരുടെ സേവനം ലഭ്യമാക്കാവുന്നതാണ് എന്ന് അഡീഷണൽ ഡയരക്ടർ പറഞ്ഞു. ഇതിനു വേണ്ടി ഡി ആർ സി സേവനം സംബന്ധിച്ച് ഒരു കത്ത് നൽകാനും നിർദേശിച്ചു. **(നടപടി : ICPS)**

31. അഡോപ്ഷനുമായി ബന്ധപ്പെട്ട ഡോകുമെന്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്നു നിർദേശിച്ചു **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

32. അഡോപ്ഷനുമായി ബന്ധപ്പെട്ട ഡോകുമെന്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള ഏതൊക്കെ ഡോകുമെന്റുകൾ അറ്റസ്റ്റ് ചെയ്യണമെന്ന സംബന്ധിച്ച നിർദേശം ഡയറക്ടറേറ്റ് തലത്തിൽ നൽകുന്നതിനു തീരുമാനിച്ചു **(നടപടി: ICPS)**

33. കാവൽ.കാവൽ പ്ലസ് എന്നിവയുമായി ബന്ധെപ്പെട്ട മീറ്റിങ്ങുകൾ സമയ ബന്ധിതമയി നടത്തുന്നത് ഉറപ്പു വരുത്തേണ്ടതാണ്. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

34. CAG ആഡിറ്റുമായി ബന്ധപ്പെട്ട നിർദേശങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും ഓഡിറ്റ് പരാമർശത്തിനുള്ള മറുപടി സമയ ബന്ധിതമായി നൽകുന്നതിനു നിർദേശിക്കുകയും ചെയ്തു . **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ)**

<u>നിർഭയ പ്രോഗ്രാമുമായി ബന്ധപ്പെട്ട അവലോകനം</u>

35. മിഷൻ ശക്തി മാർഗനിർദ്ദേശങ്ങൾ പ്രകാരം വൺ സ്റ്റോപ്പ് സെൻററുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജില്ലാതല കമ്മിറ്റി നിർബന്ധമായും കൂടുകയും ഈ കമ്മിറ്റിയിൽ സ്ഥാപനത്തിന്റെ ആന്വൽ ആക്ഷൻ പ്ലാൻ അവതരിപ്പിച്ച അംഗീകാരം ലഭ്യമാക്കുകയും വേണം. ജില്ലാതല കമ്മിറ്റികളിൽ ഇൻറർ ഡിപ്പാർട്ട്മെന്റൽ കൺവെർജൻസ് പ്ലാനുകൾ കൂടി അവതരിപ്പിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതാണ്. കോഴിക്കോട് ജില്ലയിൽ ഒരു കമ്മിറ്റി മാത്രമേ കൂടിയതായി കാണുന്നുള്ളൂ എന്നും, ആയത് പരിശോധിക്കണമെന്ന് വനിതാ സംരക്ഷണ ഓഫീസറോട് വകുപ്പ് അഡിഷണൽ ഡയറക്ടർ നിർദ്ദേശിച്ചു. ജില്ലാതല കമ്മിറ്റികൾ കൂടിയതിന്റെ സ്റ്റാറ്റസ് ലഭ്യമാക്കി വനിതാ സംരക്ഷണ ഓഫീസർമാർ റിപ്പോർട്ട് ചെയ്യണം. ഈ കമ്മിറ്റി കൂടിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങളും റിപ്പോർട്ട് ചെയ്യണം -**(നടപടി: വനിതാ സംരക്ഷണ ഓഫീസർമാർ)**

36. C W C തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ അതിജീവിതകളെ ഹാജരാക്കുവാൻ പോകുമ്പോൾ യാത്രാ സൗകര്യത്തിനുള്ള തുക ലഭ്യമാകാത്തതിനാൽ ബുദ്ധിമുട്ടാണ് എന്ന വിവരം പാലക്കാട് വനിതാ സംരക്ഷണ ഓഫീസർ അറിയിച്ചു. മിഷൻ ശക്തി ഗൈഡ് ലൈൻസിൽ റെക്കറിംഗ്

ഫണ്ടിനായി പരാമർശിച്ചിട്ടുള്ള തുക കൂടാതെ 4,50,000/- രൂപ ഒരു വൺ സ്റ്റോപ്പ് സെൻററിനായി ഡഡിക്കേറ്റഡ് വെഹിക്കിളിന് നൽകുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. വൺസ് സ്റ്റോപ്പ് സെൻററുകളിൽ വാഹന സൗകര്യം ലഭ്യമാകുവാൻ ആവശ്യമായ നടപടികൾ ചെയ്യുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം 2024-25 PAB പ്രൊപ്പോസലിൽ ടി തുക ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് നിർഭയ സെൽ കോ-ഓർഡിനേറ്റർ അറിയിച്ചു. -(**നടപടി: വനിതാ സംരക്ഷണ ഓഫീസർമാർ**)

37. വൺ സ്റ്റോപ്പ് സെൻററുകളിൽ എത്തുന്ന ഗുണഭോക്താക്കളിൽ അന്യസംസ്ഥാന വ്യക്തികൾ ഉണ്ടെങ്കിൽ അവരുടെ റിപ്പാർട്ടിയേഷൻ നടപടികൾക്ക് പ്രാധാന്യം നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ് - വനിതാ സംരക്ഷണ ഓഫീസർമാർ. -(**നടപടി: വനിതാ സംരക്ഷണ ഓഫീസർമാർ**)

38. ബഹു: ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം OSC ഡിറ്റക്ഷൻ സെൻറർ ആയി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യം നിലവിലുണ്ട്.
സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ അതിജീവിക്കുന്നവർക്ക് അടിയന്തര സേവനങ്ങളും പരമാവധി 5 ദിവസം വരെ അഭയം നൽകാനുമാണ് കേന്ദ്രസർക്കാരിന്റെ മിഷൻ ശക്തി ഗൈഡ്ലൈൻസിൽ പരാമർശിച്ചിട്ടുള്ളത്. ഡിറ്റക്ഷൻ സെന്ററായി ഒഎസ്സികൾ പ്രവർത്തിക്കുമ്പോൾ അടിയന്തരഘട്ടങ്ങളിൽ വരുന്ന അതിജീവിതകൾക്ക് താമസിക്കുന്നതിന് അസൗകര്യം നേരിടുമെന്നതിനാൽ ടി ഉത്തരവ് പുതുക്കി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. (**നടപടി: വനിതാ സംരക്ഷണ ഓഫീസർമാർ**)

39. നിലവിൽ മിഷൻ ശക്തി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തിക്കുന്ന വൺ സ്റ്റോപ്പ് സെന്ററുകളിൽ അതിജീവിതർക്ക് പരമാവധി അഞ്ച് ദിവസം മാത്രം അഭയം നൽകുവാനും ഈ കാലയളവിനുള്ളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ് (**നടപടി: വനിതാ സംരക്ഷണ ഓഫീസർമാർ**)

40. PFOമാരുടെ സേവനത്തെ സംബന്ധിച്ച് മിഷൻ ശക്തി ഗൈഡ് ലൈൻസിൽ പരാമർശിച്ചിട്ടില്ല, എന്നാൽ പോലീസിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (**നടപടി: വനിതാ സംരക്ഷണ ഓഫീസർമാർ**)

41. വൺ സ്റ്റോപ്പ് സെന്ററുകൾക്ക് നിലവിൽ മിഷൻ ശക്തി ഗൈഡ് ലൈൻസ് പ്രകാരം റെക്കറിംഗ്, നോൺ റക്കറിംഗ്, കൺസ്ട്രക്ഷൻ എന്നീ ഫണ്ട് കമ്പോണന്റുകൾ മാത്രമാണ് ഉള്ളത്. ഈ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഷയങ്ങൾക്കൊന്നുംതന്നെ ഫണ്ട് ചിലവഴിക്കാനാവില്ല. അപ്രകാരം ചിലവഴിക്കുന്നത് ഗുരുതരമായ ക്രമക്കേടായി കണക്കാക്കും. ഇപ്രസ്റ്റ് മണി എന്ന ഒരു കമ്പോണന്റ് പുതിയ മിഷൻ ശക്തി ഗൈഡ് ലൈൻസ് വന്നതിനുശേഷം (01.04.2022) നിലവിലില്ല. ചിലവഴിക്കുന്ന തുകകൾ DBTയായി മാത്രം

ചെലവഴിക്കേണ്ടതാണ്. ജീവനക്കാരുടെ കൈവശം തുകയൊന്നും തന്നെ സൂക്ഷിക്കാൻ പാട്ടുള്ളതല്ല. **(നടപടി: വനിതാ സംരക്ഷണ ഓഫീസർമാർ)**

42. MCC ഉൾപ്പെടെയുള്ള പല കാരണങ്ങളാൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാത്ത നിർഭയയുടെ സ്ഥാപനങ്ങളിൽ അടിയന്തരമായി ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനുള്ള നടപടികൾ ചെയ്യേണ്ടതാണ്. സ്ഥാപനത്തിൽ ജീവനക്കാർ ഇല്ല എന്ന കാരണം കൊണ്ട് ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനം നിഷേധിക്കപ്പെടുവാൻ ഇടയാകരുത് - **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ, വനിത സംരക്ഷണ ഓഫീസർമാർ)**
43. നിർഭയയുടെ എല്ലാ സ്ഥാപനങ്ങളിലെയും താമസക്കാരുടെ ഐസിപി, ലഭ്യമായ ആധുനിക സാങ്കേതിക മെത്തഡോളജി ഉപയോഗിച്ച് തയ്യാറാക്കേണ്ടതും ആയതിന്റെ പരിശോധനയും സമയബന്ധിത അവലോകനവും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ആവശ്യമായ സാഹചര്യങ്ങളിൽ ആയതിന്റെ റിപ്പോർട്ട് നിർഭയ സെയിലേക്ക് നൽകേണ്ടതുമാണ്. **(നടപടി: വനിത സംരക്ഷണ ഓഫീസർമാർ)**
44. നിർഭയയുടെ ഹോമുകളിൽ നിന്ന് മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് കുട്ടികളെ ട്രാൻസ്ഫർ ചെയ്യുമ്പോൾ നിലവിലെ നിർദ്ദേശങ്ങൾ, സർക്കുലർ, സർക്കാർ ഉത്തരവ്, പ്രോട്ടോകോൾ എന്നിവ നിർബന്ധമായും പാലിക്കേണ്ടതാണ് - ജില്ലാ വനിതശിശു വികസന ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ. **(നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ, വനിത സംരക്ഷണ ഓഫീസർമാർ)**
45. മോഡൽ ഫോം ഫോർ ഗേൾസിലേക്ക് കുട്ടികളെ ട്രാൻസ്ഫർ ചെയ്യുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരം *സ്ക്രീനിങ് കമ്മിറ്റി മിനിറ്റ്സ് ഉണ്ടാകേണ്ടതാണ്.* - **(നടപടി: ജില്ലാ വനിതശിശു വികസന ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ.)**
46. നിർഭയ സ്ഥാപനങ്ങൾ നടത്തിവരുന്ന എൻജി.ഒ.കളുടെ പെർഫോമൻസ് ആൻഡ് സ്റ്റാഫ് ഇവാല്യവേഷൻ എല്ലാവർഷവും നിർബന്ധമായും നടത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ശുപാർശ സഹിതം നിർഭയ സെല്ലിലേക്ക് നൽകേണ്ടതുമാണ്- **(നടപടി: ജില്ലാ വനിതശിശു വികസന ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ.)**
47. നിർഭയ ഹോമുകളിലെ ഫണ്ട് ലഭ്യത സംബന്ധിച്ച് നിലവിലെ സ്ഥിതി ബഡ്ജറ്റ് ഔട്ട്‌ലെ , **അലോക്കേഷൻ**, എൻഹാൻസ്മെന്റ്, റിക്വസ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ നിർഭയ സ്റ്റേറ്റ് കോഡിനേറ്റർ വിശദീകരിച്ചു.
48. എൻജിഒകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ട് റിക്വസ്റ്റുകൾ സമയബന്ധിതമായി പരിശോധിച്ച ശുപാർശകൾ കാലതാമസം കൂടാതെ തന്നെ നിർഭയ സ്റ്റേറ്റ് സെല്ലിലേക്ക് ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. പാലക്കാട് എസ്.ഒ.എസ് ഹോമിന്റെ ഫണ്ട് റിക്വസ്റ്റ് വളരെ കാലമായി പെൻഡിങ് ആണ് എന്നും ബന്ധപ്പെട്ട ജില്ലാ ശിശു

സംരക്ഷണ ഓഫീസർ, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എന്നിവർ ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (**നടപടി: ജില്ല ശിശു സംരക്ഷണ ഓഫീസർമാർ, വനിത സംരക്ഷണ ഓഫീസർമാർ**)

## ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും ജില്ലാതല പ്രോഗ്രാം ഓഫീസർമാരെയും ഉൾപ്പെടുത്തി 14.06.2024 ൽനടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

<u>സ്മാർട്ട് അങ്കണവാടി</u>

49. നിർമ്മാണം പൂർത്തികരിക്കാത്ത അങ്കണവാടികളുടെ ടൈം ലൈൻ ലഭ്യമാക്കണം (**നടപടി : പ്രോഗ്രാം ഓഫീസർമാർ**)
50. നിർമ്മാണം പൂർത്തികരിക്കാത്ത സ്മാർട്ട് അങ്കണവാടികളിൽ ഒരു മാസത്തിൽ പൂർത്തികരിക്കുന്നവ. 3 മാസത്തിൽ പൂർത്തികരിക്കുന്നവ, 6 മാസത്തിൽ പൂർത്തികരിക്കുന്നവ എന്നീ വിവരങ്ങൾ ലഭ്യമാക്കണം ((**നടപടി : പ്രോഗ്രാം ഓഫീസർമാർ**)
51. എല്ലാ കെട്ടിട നിർമ്മാണ പ്രവർത്തികളും ജില്ലാ ഓഫീസർമാർ മോണിറ്റർ ചെയ്യണം (**നടപടി : ജില്ല വനിത ശിശുവികസന ഓഫീസർമാർ**)
52. ഈ കാര്യാലയത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള അങ്കണവാടികൾക്ക് ലഭ്യമായിട്ടുള്ള സ്ഥലത്തിന് അനുസരിച്ചുള്ള DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റുകൾ ലഭ്യമാക്കേണ്ടതാണ്. (**നടപടി : പ്രോഗ്രാം ഓഫീസർമാർ**)
53. കെട്ടിട നിർമ്മാണം വേഗത്തിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (**നടപടി : പ്രോഗ്രാം ഓഫീസർമാർ**)

<u>അങ്കണവാടി നവീകരണം</u>

54. മാതൃക അങ്കണവാടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ നിശ്ചിത പ്രോഫോർമയിൽ ലഭ്യമാക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർക്ക് 02.03.2024 ൽ നിർദ്ദേശം നൽകിയിരുന്നു. ആയത് ലഭ്യമാക്കാത്ത ജില്ലകൾ എത്രയും വേഗം ലഭ്യമാക്കേണ്ടതാണ്. (**നടപടി : പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം, മലപ്പുറം**)
55. 2016-17 സാമ്പത്തിക വർഷം 1370 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയ പദ്ധതിയിൽപ്പെടുത്തി നവികരണാനുമതി ലഭ്യമായിട്ടുള്ള അങ്കണവാടികളിൽ നിലവിൽ നവീകരണം ആരംഭിക്കാത്തതും വകുപ്പ് വിഹിതം വിനിയോഗിക്കാതെ പൂർണ്ണമായും LSGD വിഹിതം ഉപയോഗിച്ച് നവീകരിച്ചതുമായി അങ്കണവാടികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. (**നടപടി : പ്രോഗ്രാം ഓഫീസർമാർ**)

56. 2017-18 സാമ്പത്തിക വർഷത്തെ നവീകരണപദ്ധതിയിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷം നവീകരണാനുമതി നൽകിയ 174 അങ്കണവാടികളിലും 2021-22 സാമ്പത്തിക വർഷം നവീകരണാനുമതി നൽകിയ 76 അങ്കണവാടികളിലും നവീകരണം ആരംഭിക്കാത്ത അങ്കണവാടികൾക്ക് പദ്ധതി പ്രകാരം നവീകരണം ആവശ്യമുള്ളപക്ഷം ഭരണാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട അങ്കണവാടികളിൽ വകുപ്പ് വിഹിതം വിനിയോഗിക്കാതെ പൂർണ്ണമായും LSGD വിഹിതം ഉപയോഗിച്ച് നവീകരിച്ച അങ്കണവാടികളെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി : പ്രോഗ്രാം ഓഫീസർമാർ)**

**<u>അങ്കണവാടി കെട്ടിട നിർമ്മാണം</u>**

57. 2016-17 സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയിട്ടുള്ള 200 അങ്കണവാടികളിൽ PWD ചീഫ് എഞ്ചിനീയർക്ക് കെട്ടിട നിർമ്മാണാനുമതി നൽകിയ 123 അങ്കണവാടികളിലും LSGD ചീഫ് എഞ്ചിനീയർക്ക് കെട്ടിടനിർമ്മാണാനുമതി നൽകിയ 77 അങ്കണവാടികളിലും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികൾക്ക് പദ്ധതി പ്രകാരം നിർമ്മാണം ആവശ്യമുള്ളപക്ഷം ഭരണാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി : പ്രോഗ്രാം ഓഫീസർമാർ)**

58. 2017-18 സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയിട്ടുള്ള 69 അങ്കണവാടികളിൽ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികൾക്ക് പദ്ധതി പ്രകാരം നിർമ്മാണം ആവശ്യമുള്ളപക്ഷം ഭരണാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതും പദ്ധതി പ്രകാരം നിർമ്മാണം സാദ്ധ്യമല്ലാത്തവയെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി : പ്രോഗ്രാം ഓഫീസർമാർ)**

59. 2017-18 സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി നൽകിയിട്ടുള്ള 149 അങ്കണവാടികളിൽ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത അങ്കണവാടികൾക്ക് പദ്ധതി പ്രകാരം നിർമ്മാണം ആവശ്യമുള്ളപക്ഷം ഭരണാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതും പദ്ധതി പ്രകാരം നിർമ്മാണം സാദ്ധ്യമല്ലാത്തവയെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി : പ്രോഗ്രാം ഓഫീസർമാർ)**

**<u>അങ്കണവാടി സർവീസസ്(ജനറൽ) പദ്ധതി</u>**

60. 2022- 23 വർഷത്തെ മെഡിസിൻകിറ്റ് വിതരണം KMSCL മുഖേന ആരംഭിച്ചിട്ടുണ്ട്. ആയത് ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് ലഭ്യമായിട്ടുണ്ട് എന്നത് ഉറപ്പ് വരുത്തേണ്ടതാണ്. **(നടപടി : പ്രോഗ്രാം ഓഫീസർമാർ)**

61. 2023-24 സാമ്പത്തികവർഷം പ്രീസ്കൂൾ കിറ്റിനായി അനുവദിച്ച തുകയിൽ ഇനി തുക

ആവശ്യമുള്ള പക്ഷം അറിയിക്കേണ്ടതാണ്. **(നടപടി : പ്രോഗ്രാം ഓഫീസർമാർ)**

<u>**ശിശു സൗഹൃദ ടോയിലറ്റ് നിർമ്മാണം**</u>

62. 2022-23, 2023-24 കാലയളവിലെ ശിശു സൗഹൃദ ടോയിലറ്റ് നിർമ്മാണ പുരോഗതി അവലോകനം നടത്തി . നിർമാണം പൂർത്തിയാക്കാനുള്ളവ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകി . **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും )**

<u>**അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം**</u>

63. അങ്കണവാടി ജീവനക്കാർക്ക് ജനുവരി 2024, ഫെബ്രുവരി 2024, മാസങ്ങളില് വിതരണം ചെയ്ത ഹോണറേറിയത്തിന്റെ UC ലഭ്യമാക്കിയതിലെ അപാകതകൾ പരിഹരിച്ച് യു.സി. ലഭ്യമാക്കുവാൻ പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. തിരുവനന്തപുരം ജില്ല റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല. കോഴിക്കോട്, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ലഭ്യമാക്കിയ അലോട്ട്മെന്റ് തുകയിലെ വ്യത്യാസം തുടങ്ങിയുള്ള അപാകതകൾ പരിശോധിച്ച് പുതുക്കിയ യു.സി. ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു **(നടപടി : ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ )**

<u>**അനുപൂരക പോഷകാഹാര പദ്ധതി**</u>

64. SNP 1st, 2nd, 3rd Quarter UC (PPA Generated) അടിയന്തിരമായി പ്രോഗ്രാം ഓഫീസർമാർ ലഭ്യമാക്കേണ്ടതാണ്. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**
65. സിവിൽ സപ്ലൈസ് കോർപറേഷന് ഹാജരാക്കുന്ന അരിയുടെ lifting& transportation charges യഥാസമയം നൽകേണ്ടതുള്ളതിനാൽ UC കൃത്യമായി ലഭ്യമാക്കണമെന്ന് പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകി **നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**
66. SNP beneficiaries-ന്റെ വിവരങ്ങൾ poshan tracker ൽ ശരിയായി അപ്ഡേറ്റ് ചെയ്യേണ്ടതും ആയതിന്റെ കൃത്യത PO, CDPO, Supervisor എന്നിവർ ഉറപ്പ് വരുത്തേണ്ടതുമാണ്
67. Poshan tracker പ്രകാരം GoI യിൽ നിന്ന് WBNP Allotment ലഭ്യമാകുന്ന സാഹചര്യത്തിൽ beneficiaries details correct ചെയ്യേണ്ടതിന്റെ ആവശ്യകത വിശദീകരിച്ചു.

<u>PM JANMAN</u>

68. കേന്ദ്ര സർക്കാർ PM JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി അനുവദിച്ച 5 അങ്കണവാടികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ബഹു ഡയറക്ടർ നിർദ്ദേശിച്ചു. ഈ കാര്യാലയത്തിൽ നിന്നുമുള്ള നിർദ്ദേശം ലഭിച്ചാൽ അടുത്ത ദിവസം തന്നെ അങ്കണവാടിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് തയ്യാറായിരിക്കണം എന്ന് ഡയറക്ടർ മീറ്റിംഗിൽ അറിയിച്ചു . നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 12 ലക്ഷം രൂപയിൽ അധികമായി വേണ്ടി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന

വകയിരുത്തുന്നതിനുള്ള നടപടി ആരംഭിക്കണമെന്നും കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തുന്നതിനും എസ്റ്റിമേറ്റ് എടുപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും ഡയറക്ടർ മീറ്റിംഗിൽ നിർദ്ദേശിച്ചു. **(നടപടി : പ്രോഗ്രാം ഓഫീസർ -പാലക്കാട് ,വയനാട് )**

**<u>സെലക്ഷൻ ലിസ്റ്റ് പുരോഗതി</u>**

69. സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് നിലവിൽ കാലതാമസം വരുന്നതായും അടിയന്തിരമായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സെലക്ഷൻ ലിസ്റ്റ് നിലവിൽ വരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. ആലപ്പുഴ. പാലക്കാട്, കാസർഗോഡ് ജില്ലകളിലെ നിയമന നടപടികൾ വളരെ പുറകിലാണ്. ടി ജില്ലകളിൽ ജില്ലാ വനിത ശിശു വികസന പദ്ധതി ഓഫീസർമാരും പ്രോഗ്രാം ഓഫീസർമാരും പ്രത്യേക ശ്രദ്ധചെലുത്തി സെലക്ഷൻ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നിലവിൽ ഉള്ള ഒഴിവുകളും 2025ൽ വരുന്ന ഒഴിവുകളും മുന്നിൽകണ്ട് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സെലക്ഷൻ ലിസ്റ്റ് നിലവിൽ വരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. എല്ലാ പ്രോഗ്രാം ഓഫീസർമാരും ഈ വിഷയം ജില്ലാതല അവലോകന യോഗങ്ങളിൽ പ്രത്യേക അജണ്ടയായി ചർച്ച ചെയ്യണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

**<u>അങ്കണവാടി പ്രവർത്തകർക്ക് ഗ്രാറ്റിവിറ്റി അനുവദിക്കുന്നത് സംബന്ധിച്ച്</u>**

70. ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് കീഴ് കാര്യാലയങ്ങളിലേക്ക് നൽകിയിട്ടുള്ള പ്രൊഫോർമ എത്രയും വേഗം ലഭ്യമാക്കണമെന്നും ഇതുമായി ബന്ധപ്പെട്ട DATA CDPO മുഖേന ശേഖരിക്കുന്നതിനും ബഹു ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

71. സർക്കാർ തീരുമാനപ്രകാരം മാത്രമേ ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ എന്നും യോഗത്തെ അറിയിച്ചു. ഗ്രാറ്റുവിറ്റി കേസുകളിൽ ലേബർ കമ്മീഷണർ മുൻപാകെ ഹാജരാവുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ആക്ഷേപം ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും ലോ ഓഫീസർ വിശദീകരിച്ചു. തുടർന്ന് കീഴ് കാര്യാലയങ്ങളിലേക്ക് നൽകിയിട്ടുള്ള പെർഫോർമയുടെ ഉള്ളടക്കം സീനിയർ സൂപ്രണ്ടും വിശദീകരിച്ചു.

**<u>അങ്കണവാടി വൈദ്യുതീകരണം</u>**

ജില്ലകളിലെ വൈദ്യുതീകരണ പുരോഗതി യോഗം വിലയിരുത്തി.

72. വയനാട് ജില്ലയിൽ അനെർട്ട് മുഖേന സോളാർ സ്ഥാപിക്കുന്ന 8 അങ്കണവാടികളിൽ

സോളാർ installation ആരംഭിച്ചതായി പ്രോഗ്രാം ഓഫീസർ അറിയിച്ചു . ജൂലൈ 15 നകം വൈദ്യുതീകരണം പൂർത്തീകരിക്കാമെന്ന് പ്രോഗ്രാം ഓഫീസർ അറിയിച്ചു .

73. മലപ്പുറം ജില്ലയിൽ വൈദ്യുതീകരണത്തിന് അവശേഷിക്കുന്ന 6 അങ്കണവാടികളിൽ ഒരെണ്ണം പൂർത്തീകരിച്ചതായും ,ഒരെണ്ണം അടുത്ത ആഴ്ച പൂർത്തീകരിക്കുമെന്നും പ്രോഗ്രാം ഓഫീസർ അറിയിച്ചു .

74. കണ്ണൂർ ജില്ലയിൽ corporation പരിധിയിലുള്ള 6 അങ്കണവാടികളിൽ 5 എണ്ണത്തിന്റെ wiring പൂർത്തീകരിച്ചെന്നും എന്നാൽ connection ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായും പ്രോഗ്രാം ഓഫീസർ അറിയിച്ചു . Awc no-143- corporation വക കെട്ടിടമാണെന്നും ആയതിൽ വൈദ്യുതീകരണം ചെയ്യാൻ സാധിക്കുന്നില്ല എന്നും corporation അറിയിച്ചതായി പ്രോഗ്രാം ഓഫീസർ അറിയിച്ചു .

75. പാലക്കാട് ജില്ലയിൽ വൈദ്യുതീകരണത്തിന് അവശേഷിക്കുന്ന 6 അങ്കണവാടികളിൽ വൈദ്യുതീകരണ നടപടി ഉടൻ പൂർത്തിയാക്കുമെന്നും പ്രോഗ്രാം ഓഫീസർ അറിയിച്ചു

76. വൈദ്യുതീകരണം അവശേഷിക്കുന്ന 24 അങ്കണവാടികളിൽ വൈദ്യുതീകരണം സാധ്യമാകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന additional ഡയറക്ടർ അറിയിച്ചു .**(നടപടി – പാലക്കാട്,മലപ്പുറം,വയനാട് ,കണ്ണൂർ പ്രോഗ്രാം ഓഫീസർമാർ )**

77. ആദ്യ 1000 ദിന പരിപാടി 2023-24 ക്ലബ്ബില്ലിൽ തുക സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാത്ത ജില്ലകളായ തിരുവനന്തപുരം, വയനാട് എന്നിവ അടിയന്തരമായി നല്കേണ്ടതാണ്. **(നടപടി :- ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ )**

78. വർണ്ണക്കൂട്ട് അവാർഡ് -2023-24 വിശദാംശങ്ങൾ നൽകാത്ത ജില്ലകളായ കൊല്ലം ,ആലപ്പുഴ, മലപ്പുറം. വയനാട് എന്നീ ജില്ലകൾ അടിയന്തരമായി ലഭ്യമാകേണ്ടതാണ് **(നടപടി :- ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ )**

**<u>പോഷൻ അഭിയാൻ</u>**

79. ഗുണഭോക്താക്കളെ കൃത്യമായി പോഷൻ ട്രാക്കറിൽ ആഡ് ചെയ്യുന്നില്ല. പോഷൻ ട്രാക്കറിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ചാണ് GoI WBNP പദ്ധതിയിൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത് .തെറ്റായ എണ്ണം വഴി കൂടുതൽ സ്റ്റോക്ക് ഇറക്കാനും അത് കെട്ടികെടക്കാനും സാധ്യത ഉണ്ട്. പോഷൻ ട്രാക്കർ ഡാറ്റ പ്രകാരമാണ് ഭാവിയിൽ അങ്കണവാടികളിൽ സ്റ്റോക്ക് നൽകുക. തെറ്റായ നമ്പർ രേഖപ്പെടുത്തുക വഴി ഫണ്ടിന് പ്രശ്നം വരുമെന്ന് അഡീഷണൽ ഡയറകടർ അറിയിച്ചു. എല്ലാ പ്രോഗ്രാം ഓഫീസർമാരും ഇത് ശ്രദ്ധിക്കേണ്ടതാണ് **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

80. എല്ലാ അങ്കണവാടികളും ഓപ്പൺ ആയി രേഖപ്പെടുത്തിയിട്ടില്ല. ഇത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണെന്നും ബന്ധപ്പെട്ട സൂപ്പർവൈസർ,CDPO ഇത് ചെക്ക് ചെയ്യേണ്ടതാണെന്നും അഡീഷണൽ ഡയറകടർ അറിയിച്ചു. അങ്കണവാടി വർക്കർ ലീവ് ആയ സാഹചര്യത്തിൽ 'ഓപ്പൺ' മാർക്ക് ചെയ്യാൻ സാധിച്ചില്ല എന്ന് ആലപ്പുഴ പ്രോഗ്രാം ഓഫീസർ

അറിയിച്ചു.

81. ഗുണഭോക്താക്കളുടെ എണ്ണത്തിൽ THR.HCM നൽകുന്നവരുടെ എണ്ണം കുറവാണ്. കേരളത്തിൽ കൃത്യമായി ഫീഡിംഗ് നൽകിയിട്ടും എണ്ണം കൃത്യമായി പോഷൻ ട്രാക്കറിൽ രേഖപ്പെടുത്തുന്നില്ല ഇത് കൃത്യമായി മോണിറ്റർ ചെയ്യാൻ പ്രോഗ്രാം ഓഫീസർക്ക് നിർദ്ദേശം നൽകി. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

82. 3-6 വയസുള്ള കുട്ടികളുടെ അറ്റെൻഡൻസ് കൃത്യമായി മാർക്ക് ചെയ്യണം. ഇത് മാർക്ക് ചെയ്യാത്തപക്ഷം അങ്കണവാടി വർക്കർമാരെ വിളിച്ച് പരിശോധികേണ്ടതുമാണ്. എന്നാൽ ചില സ്ഥലങ്ങളിൽ അങ്കണവാടി ഓപ്പൺ അല്ല എന്നും എന്നാൽ മോർണിംഗ് സ്നാക്ക് നൽകിയെന്നും തെറ്റായി കാണിക്കുന്നതായി പ്രോഗ്രാം ഓഫീസർ അറിയിച്ചു. പോഷൻ ട്രാക്കർ സംബന്ധിച്ച് സ്കൂൾ ഗോയിംഗ് മാർക്ക് ചെയ്യാൻ സാധിക്കാത്ത പ്രശ്നം പരിഹരിച്ചു എന്നും മറ്റുള്ള പ്രശ്നങ്ങൾ കൃത്യമായി കണ്ടെത്തി കത്ത് നൽകാനും അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

83. ഗൃഹ സന്ദർശനത്തിൻറെ കണക്ക് POSHAN TRACKER പ്രകാരം മികച്ച രീതിയിൽ നടന്നു വരുന്നു. എന്നാൽ ഗൃഹ സന്ദർശനത്തിൻറെ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

84. വളർച്ച നിരീക്ഷണം- 6 മാസം വരെയുള്ള കുഞ്ഞിന് എല്ലാ മാസവും വളർച്ച നിരീക്ഷണം നടത്തണം. തൂക്കം വർധിക്കാത്ത കുഞ്ഞുങ്ങളെ ശ്രദ്ധിക്കേണ്ടതും ആവശ്യമനുസരിച്ച് റെഫർ ചെയ്യേണ്ടതുമാണ്. കഴിഞ്ഞ 3 മാസത്തെ ഭാരം കൂടാത്ത കുഞ്ഞുങ്ങളുടെ എണ്ണം എടുക്കേണ്ടതും പരിശോധിക്കേണ്ടതുമാണെന്നും അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

85. SAM - കഴിഞ്ഞ കുറെ മാസങ്ങളായുള്ള ശ്രമത്തിന്റെ ഫലമായി SAM കുട്ടികളുടെ എണ്ണം 8970 ആയി കുറയ്ക്കാൻ സാധിച്ചു. എന്നാൽ MAM കുട്ടികളുടെ എണ്ണം വർധിച്ചു വരുന്നു. ഇത് കൃത്യമായി പരിശോധിച്ച് നടപടി എടുക്കാൻ പ്രോഗ്രം ഓഫീസർക്ക് നിർദ്ദേശം നൽകി. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

86. ആരോഗ്യ മേഖലയിലെ പ്രവർത്തന മികവുള്ള കേരളത്തിൽ പോഷൻ ട്രാക്കറിൽ തെറ്റായ വിവരം രേഖപ്പെടുത്തുക വഴി NITI അയോഗ് ഡാറ്റ പരിശോധനയിൽ സംസ്ഥാനത്തിൻറെ സുതാര്യത നഷ്ടപ്പെടുന്നു. ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

87. ലോ ബർത്ത് വെയിറ്റ് ഉള്ള കുഞ്ഞുങ്ങളുടെ എണ്ണം കൂടുതലാണ്. ഇത് കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങണം അതിനായി എത്ര കുഞ്ഞുങ്ങളാണ് കുറഞ്ഞ ഭാരത്തിൽ ജനിക്കുന്നത് എന്ന എണ്ണം എല്ലാ ജില്ലകളും എടുക്കേണ്ടതും ലിസ്റ്റ് പരിശോധിച്ച് കൂടുതൽ ലോ ബർത്ത് വെയിറ്റ് ഉള്ളത് ഏതെങ്കിലും ഏരിയ. സ്ഥലം അല്ലെങ്കിൽ അമ്മയുടെ ആരോഗ്യ

സ്ഥിതി, അമ്മയുടെ ശീലങ്ങൾ, ഭക്ഷണരീതി, വയസ് എന്നിങ്ങനെ പ്രത്യേകമയാണോ എന്നും പരിശോധിക്കേണ്ടതാണെന്നും അഡീഷണൽ ഡയറകടർ നിർദ്ദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

88. വയനാട് ജില്ലയിൽ ട്രൈബൽ ഏരിയയിൽ കൂടുതലായി ഭാരക്കുറവുള്ള കഞ്ഞുങ്ങൾ ഉണ്ടാവുന്നുവെന്നും, ഗർഭിണിയ്ക്ക് നൽകുന്ന THR വിൽക്കുന്ന പ്രവണത കണ്ടുവരുന്നതായും ഇത് പരിഹരിക്കാൻ കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ചു എന്നും പ്രോഗ്രാം ഓഫീസർ അറിയിച്ചു. ജില്ലയുടെ ഈ പ്രവർത്തനം മികച്ചതാണെന്നും ഇത് വഴി ബിഹേവിയറൽ ചേഞ്ച് വരുത്താൻ സാധിക്കണമെന്നും, സ്വന്തമായി കൃഷി ചെയ്ത് കഴിക്കുന്ന രീതി പ്രോത്സാഹിപ്പിക്കാനും, ഗർഭിണി ആവുന്നത് പ്ലാനിംഗോടെ ആവണമെന്നും ഇത് ആരോഗ്യമുള്ള കുഞ്ഞ് ഉണ്ടാവാൻ സഹായിക്കുമെന്നും അഡീഷണൽ ഡയറകടർ നിർദേശിച്ചു.
89. വയനാട് ജില്ലയിൽ 2 അങ്കണവാടികളിൽ SAM,MAM കുട്ടികൾ ഇല്ല എന്നുംപ്രോഗ്രാം ഓഫീസർ അറിയിച്ചു.
90. ആലപ്പുഴ ജില്ലയിൽ 19 ഹോം ഡെലിവറി റിപ്പോർട്ട് ചെയ്യപ്പെട്ടതായി പ്രോഗ്രാം ഓഫീസർ അറിയിച്ചു.
91. ഹോം ഡെലിവറി അപകടം നിറഞ്ഞതാണെന്നും, ആധുനിക രീതികൾ, അത്യാഹിതം സംഭവിച്ചാൽ പെട്ടെന്ന് ഹോസ്പിറ്റലിൽ എത്തിക്കാനുള്ള പ്രയാസം എന്നിവയെല്ലാം ഹോം ഡെലിവറിയെ അപകടം നിറച്ചതാക്കുന്നു. ഈ വിവരം ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിയണമെന്നും അഡീഷണൽ ഡയറകടർ അഭിപ്രായപ്പെട്ടു.
92. പോഷൻ വാട്ടികകൾ കുറവാണെന്നും അത് പരിപോഷിപ്പിക്കാനും അഡീഷണൽ ഡയറകടർ നിർദ്ദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**
93. ഇന്ഫ്ര സ്ട്രക്ച്ചർ ഡാറ്റ- അങ്കണവടികളുടെ ഇന്ഫ്ര സ്ട്രക്ച്ചർ വിവരങ്ങൾ ഇപ്പോഴും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. MPR- പോഷൻ ട്രാക്കർ ഡാറ്റ തമ്മിൽ വ്യത്യാസം കാണുന്നു. പോഷൻ ട്രാക്കറിൽ കൃത്യമായി എന്റർ ചെയ്യാത്തത് ആണ് ഇതിന് കാരണം. ഇത് കൃത്യമാക്കാൻ അഡീഷണൽ ഡയറകടർ നിർദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**
94. ഇൻസന്റീവ്- അങ്കണവാടി വർക്കർ/ഹെൽപ്പർ ഇൻസന്റീവിനായുള്ള റിക്വസ്റ്റ് ഒരു ജില്ലയിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും ഈ സാമ്പത്തിക വർഷത്തെ ഫണ്ട് ലഭിച്ചിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് CBE, ഇൻസെന്റീവ് എന്നിവയ്ക്കുള്ള പൈസ നൽകുന്നതാണെന്നും, ജൂലൈ 15 തിയതിയ്ക്ക് മുൻപ് എല്ലാ ജില്ലകളും ഇൻസന്റീവിനായുള്ള റിക്വസ്റ്റ് നൽകണമെന്നും അഡീഷണൽ ഡയറകടർ അറിയിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**
95. CBE- എല്ലാ മാസവും 2 CBE വീതം നടത്തണം എന്നും അതിനുള്ള വിഷയങ്ങൾ ലളിതമായും കമ്മ്യൂണിറ്റിയിൽ മാറ്റം വരുത്തക്കവിധത്തിലും ചിട്ടയായി നടത്തപ്പെടണമെന്നും അഡീഷണൽ ഡയറകടർ നിർദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

96. സ്റ്റാഫ് നിയമനം- എല്ലാ ജില്ലകളിലും നിയമനം അടിയന്തിരമായി പൂർത്തിയാക്കാൻ ഡയറകടർ നിർദേശിച്ചു. **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

97. ഇടുക്കി രണ്ട് ആഴ്ച സമയത്തിനുള്ളിൽ നിയമനം പൂർത്തിയാക്കുമെന്ന് പ്രോഗ്രാം ഓഫീസർ അറിയിച്ചു.

98. കോട്ടയം എമ്പ്ലോയ്മെന്റ് ലിസ്റ്റ് ഇല്ലെന്നും ഓപ്പൺ മാർക്കറ്റിൽ നിന്നും നിയമനം നടത്തുമെന്നും പ്രോഗ്രാം' ഓഫീസർ അറിയിച്ചു.

99. പാലക്കാട് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നത്കൊണ്ട് ആണ് നിയമനം വൈകിയത് എന്നും നിയമന നടപടി വേഗത്തിൽ ആണെന്നും പ്രോഗ്രം ഓഫീസർ അറിയിച്ചു.

**ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുമായി 15.06.2024 ൽനടന്ന യോഗത്തിന്റെ നടപടി ക്കുറിപ്പ്.**

<u>PMMVY</u>

100. S N O ലെവലിൽ ബെനിഫിഷറീസിൻറെ ഡോക്യുമെന്റ് ചെക്ക് ചെയ്യണം എന്നനിർദ്ദേശം കറച്ചുനാൾ മുൻപ് വരെ ഉണ്ടായിരുന്നു എന്നാൽ ബൾക്കായി പെയ്മെന്റിനുവരുന്ന അപേക്ഷകൾ ചെക്ക്ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട് മനസ്സിലാക്കി ഈഒപ്ഷൻ ഇപ്പോൾ CDPO ലെവലിൽ ആക്കിയിട്ടുണ്ട്. S N O ലെവലിൽ ഡോക്യുമെന്റ് ചെക്ക് ചെയ്യുമ്പോൾ ക്ലിയർഅല്ലാത്തതും എലിജിബിലിറ്റി പ്രൂഫിൽ പറഞ്ഞിട്ടില്ലാത്തതും ആയ ഡോക്യുമെന്റ് അപലോഡ് ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽ പെട്ട് ആയത് റിജെകറ്റ് ചെയ്യേണ്ടതായും വന്നിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ സ്റ്റിൽ ബെർത്ത് ആയിട്ടുള്ള കേസുകളിൽ രണ്ടാമത്തേത് ഫ്രഷ്ആയി അപ്ലേ ചെയ്യാം എന്ന് കേന്ദ്രത്തിൽ നിന്നും നിർദ്ദേശം ലഭിച്ചതായി അറിയിച്ചു.

101. മൂന്ന് വർഷത്തെ റിപ്പോർട്ട് പരിശോധിച്ചതിൽ രണ്ടാമത്തെ കുട്ടിയുടെ രജിസ്ട്രേഷൻ കറഞ്ഞതായി കണ്ടു ഇത് കൂട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും)**

102. ബെനിഫിഷറീസിൻറെ ഡോക്യുമെന്റ് കൃത്യമായി ചെക്ക് ചെയ്യണമെന്നും എന്തെല്ലാംരേഖകളാണ് നൽകേണ്ടതെന്ന കൃത്യമായ നിർദ്ദേശം വർക്കർ മാർവഴി ബെനിഫിഷറീസിൽ എത്തിക്കണമെന്നും നിർദ്ദേശം നൽകി. മാസംതോറും റിപ്പോർട്ട് നൽകാനും നിർദ്ദേശം നൽകി. കൂടാതെ കേന്ദ്രത്തിൻറെ നിർദ്ദേശ പ്രകാരം registration വർദ്ധിപ്പിക്കുന്നതിനും CDPO സൂപ്പർവൈസർ തലത്തിലെ പെണ്ടിംഗ് ക്ലിയർ ചെയ്യുന്നതിനുമായി 2024 ജൂൺ 18 മുതൽ ജൂലൈ 2വരെ സ്പെഷ്യൽ ഡ്രൈവ് നടത്താനും നിർദ്ദേശം നൽകി. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും)**

<u>**പൽന & അങ്കണവാടി കം ക്രഷ്**</u>

103. അങ്കണവാടി കം ക്രഷ് ആവശ്യമുള്ള സ്ഥലങ്ങൾ identify ചെയ്യണം. ഒരു പഞ്ചായത്തിൽ ഒരു ക്രഷ് എങ്കിലും ആരംഭിക്കാൻ കഴിയണമെന്നതാണ് ലക്ഷ്യം വയ്ക്കുന്നത് എന്ന് അഡീഷണൽ ഡയറക്ടർ അറിയിച്ചു. . **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

104. *അങ്കണവാടി കം ക്രഷ് identify ചെയ്യാൻ ടാർജറ്റ് ചെയ്തിരുന്നത് July 30 നകം* പൂർത്തിയാക്കണം. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

105. standalone ക്രഷിനായി തുക നിക്ഷേപിക്കുന്നതിനായി ജില്ലാ തലത്തിൽ ചൈൽഡ് അക്കൌണ്ട് ആരംഭിക്കുന്നതിനും നിലവിലുള്ള ക്രഷുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ് **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

106. 2023-24 ൽ ലഭിച്ച ഫണ്ട് ബാങ്കിൽ request അയച്ച് തിരികെ അടയ്ക്കാൻ ശ്രമിച്ചപ്പോൾ ടി അക്കൌണ്ട് ഫ്രീസ് ആയിരിക്കുന്നതായി മലപ്പുറം ജില്ലാ ഓഫീസർ അറിയിച്ചു. ടി വിവരം cyber cell നെ അറിയിക്കാൻ അസി. ഡയറക്ടർ നിർദ്ദേശിച്ചു.

<u>ശക്തി സദൻ</u>

107. ശക്തി സദൻ പ്രവർത്തിപ്പിക്കുന്നതിനായി Rented facility ഉള്ള ഒരു കെട്ടിടം കണ്ടെത്തുന്നതിനു കൊല്ലം ജില്ല ഓഫീസറോട് നിർദ്ദേശിച്ചു. **(നടപടി : കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

<u>കനൽ ക്യാമ്പയിൻ</u>

108. കനൽ ക്യാമ്പയിന്റെ ഭാഗമായി നടത്തുന്ന ബോധവൽക്കരണ ക്ലാസുകളിൽ ഒരേ വിഷയം ഉൾപ്പെടുത്താതെ വൈവിധ്യമാർന്ന ആക്ടിവിടീസ് ഉൾപ്പെടുത്തേണ്ടതാണെന്ന ആവശ്യകത ചർച്ച ചെയ്ത് എല്ലാ ജില്ലാ ഓഫീസർമാരും കൃത്യമായി മാസവലോകനയോഗം നടത്തി മിനിട്സ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

109. പ്രോഗ്രാം ഓഫീസർമാർ schedule ചെയ്യു മീറ്റിംഗിൽ ജില്ലാ ഓഫീസർമാരെ കൂടി ഉൾപ്പെടുത്തേണ്ടതാണ് . **(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും )**

110. കനൽ പ്രോഗ്രാം മോഡിഫൈ ചെയ്യേണ്ടതുണ്ട്. പ്രോഗ്രാം നടത്തുന്നതിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. **(നടപടി : WEC സെക്ഷൻ)**

<u>സഖി നിവാസ്</u>

111. സഖി നിവാസ് ആരംഭിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്ന നടപടി അടിയന്തിരമായി പൂർത്തിയാക്കണം **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

112. വയനാട് നിർഭയ എൻടി ഹോമിൽ തന്നെ സഖി നിവാസ് പ്രവർത്തനം ആരംഭിക്കാൻ കഴിയുമോയെന്ന് വയനാട് ജില്ല ഓഫീസർ പരിശോധിച്ച് അറിയിക്കണം. **(നടപടി : വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

<u>**സോഷ്യൽ മീഡിയ മാനേജ്മന്റ്**</u>

113. ഒരു ദിവസം ഒരു ജില്ല എന്ന നിലയിൽ 2 ആഴ്ചകൊണ്ട് 14 ജില്ലകളിൽ നിന്നും സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ collect ചെയ്യേണ്ടതാണ്. **(നടപടി : IT സെക്ഷൻ)**

<u>Hub forEmpowerment of Women</u>

114. Hub ജീവനക്കാരുടെ നിയമനം പൂർത്തിയാക്കാനുള്ള ജില്ലകൾ ആയതിന്റെ നടപടി വേഗത്തിലാക്കാൻ നിർദേശിച്ചു. വയനാട് ജില്ലയിൽ ആയതിന്റെ കൂടിക്കാഴ്ച 5/07/2024 ന് തീരുമാനിച്ചിട്ടുണ്ട് എന്ന് വയനാട് ജില്ല ശിശു വികസന ഓഫീസർ അറിയിച്ചു.

115. **നിലവിൽ നിയമനം നൽകിയ ജീവനക്കാരുടെ കാലാവധി:** വിവിധ ജില്ലകളിൽ നിലവിൽ കഴിഞ്ഞ വര്ഷം നിയമനം നൽകിയ ജീവനക്കാരുടെ കാലാവധി പൂർത്തിയായി എന്നും ഇതിൽ തുടർ നടപടി നിർദേശിക്കാനും വയനാട് ജില്ല ശിശു വികസന ഓഫീസർമാർ അഭ്യർഥിച്ചു. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ജീവനാക്കാരുടെ പ്രവർത്തനം വിലയിരുത്തി തൃപ്തികരമെങ്കിൽ സേവനം തുടരുന്നതിനുള്ള അനുവാദത്തിനായി വകുപ്പിന് കത്ത് നൽകാനും ആയതിൽ നടപടി സ്വീകരിക്കുന്നതാണെന്നും ഡയറക്ടർ അറിയിച്ചു. സർക്കാർ തലത്തിൽ അന്തിമ തീരുമാനം ആവശ്യമായതിനാൽ നിലവിൽ കാലാവധി അവസാനിച്ച ജീവനക്കാർക്ക്തീരുമാനം വരുന്നതുവരെ ദിവസ വേതനാടിസ്ഥാനത്തിൽ കാലാവധി നീട്ടി നൽകാനും അറിയിച്ചു.

116. **ധന വിനിയോഗം:** പുതുതായി ജില്ലകൾക്ക് അനുവദിച്ച ഔട്ട്റീച്ച് പ്രവർത്തനങ്ങൾക്കായുള്ള തുക വിനിയോഗം സംബന്ധിച്ച കാര്യങ്ങൾക്ക് ഉത്തരവില്ലാത്തതിനാൽ എന്തൊക്കെ തരത്തിൽ വിനിയോഗിക്കാം എന്ന സംശയം വയനാട് ജില്ല ശിശു വികസന ഓഫീസർമാർ ഉന്നയിച്ചു, ഇതിന് മറുപടിയായി ടി തുകയ്ക്ക് ഫ്ലെക്സിബിലിറ്റി ഉണ്ടെന്നും എന്നാൽ പരമാവധി പ്രവർത്തനങ്ങൾ നടക്കുന്ന തരത്തിൽ പരിപാടികൾ ക്രമീകരിക്കാനും നിർദേശം നൽകി.

117. DCPO മാർ ജില്ലാ ഓഫീസർമാരുമായി സഹകരിക്കുന്നില്ല എന്ന പരാതി എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉന്നയിച്ചു. അതിനു നടപടി സ്വീകരിക്കാമെന്ന് അഡീഷണൽ ഡയറകടർ അറിയിച്ചു.

<u>**ക്ഷേമസ്ഥാപനങ്ങളുടെ നടത്തിപ്പ്**</u>

118. വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലുള്ള മറ്റ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകേണ്ട അന്തേവാസികൾ ഉണ്ടെങ്കിൽആയതിനുള്ള അനുമതി ഡയറക്ടറേറ്റിൽ നിന്നും വാങ്ങേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

119. ക്ഷേമസ്ഥാപനങ്ങളിലെ ഓരോ അന്തേവാസികൾക്കും റിഹാബിലിറ്റെഷൻ പ്ലാൻ തയ്യാറാക്കി മാത്രം റിഹാബിലിറ്റെഷൻ നടത്തണം. ഇതിനായി HUB ടീമിന്റെ സേവനം പ്രയോജനപ്പെടുത്തണം. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

120. ട്രാൻസിറ്റ് ഹോമുകളിൽ കൊണ്ടുവരുന്നവരെ വിളിച്ച കൊണ്ടുപോകുന്നില്ല എന്ന പരാതി ജില്ലാ ഓഫീസർമാർ ഉന്നയിച്ചു. ആയതിനു നടപടി ഉണ്ടാകുമെന്ന് അഡീഷണൽ ഡയറകടർ അറിയിച്ചു.

121. ക്ഷേമസ്ഥാപനങ്ങളുടെ SOP തയ്യാറാക്കുന്ന വേളയിൽ CSR ഫണ്ട് പിരിച്ചെടുക്കുന്നത് സംബന്ധിച്ച് കൃത്യമായ മാർഗ്ഗ നിർദ്ദേശം ഉൾക്കൊള്ളിക്കണമെന്ന് പത്തനംതിട്ട ജില്ലാ ഓഫീസർ അറിയിച്ചു.

122. വൊക്കേഷണൽ ആക്ടിവിറ്റീസ് നു വേണ്ടിയിട്ടുള്ള നടപടികൾ HUB ടീമിന്റെ സഹായത്തോടെ എടുക്കണം.

123. 2 വർഷത്തിൽ കൂടുതൽ ഓഡിറ്റ് നടന്നിട്ടില്ലാത്ത ക്ഷേമസ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തണം. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

<u>SHE Box</u>

124. എല്ലാ പ്രോഗ്രാം ഓഫീസർമാരോടും ലോഗിൻ ഐ ഡി യും പാസേ്വർഡും ട്രാൻസ്ഫർ ചെയ്ത് തരാൻ ജില്ലാ ഓഫീസർമാർ നിർദ്ദേശം നൽകണം. പ്രസ്തുത പോർട്ടലിൽ പരാതികൾ ഉണ്ടോയെന്നു കൃത്യമായി പരിശോധിക്കേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

**<u>ജാഗ്രതാ സമിതി</u>**

125. ജാഗ്രതാ സമിതി റിപ്പോർട്ട് ഡയറക്ടറേറ്റിൽ ലഭ്യമാക്കാത്തത് ഓഫീസ് ജീവനക്കാർ കൃത്യമായി ജോലി ചെയ്യാത്തതിനാലാണ് ടി വിവരം ഡയറക്ടറേറ്റിൽ അറിയിച്ചെങ്കിലും നടപടി ഉണ്ടായിട്ടില്ല എന്ന് തിരുവനതപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസർ അറിയിച്ചു. ആയതിനു നടപടി സ്വീകരിക്കുമെന്ന് അഡീഷണൽ ഡയറകടർ അറിയിച്ചു (നടപടി : Establishment Section)

126. ജാഗ്രതാ സമിതി constitute ചെയ്യേണ്ടത് ജില്ലാ പ്ലാനിംഗ് ഓഫീസർ ആണെന്ന് അഭിപ്രായം വന്നിരുന്നു. അതിനെക്കുറിച്ച് ക്ലാരിഫിക്കേഷന് വേണ്ടി വനിതാ കമ്മീഷന് കത്ത് കൊടുക്കേണ്ടതാണ്.(നടപടി : WEC **സെക്ഷൻ**)

<u>financial Assistance schemes</u>

127. എല്ലാ ജില്ലാ ഓഫീസർമാരും CDPOമാരുമായി followup ചെയ്ത് ഗുണഭോക്താക്കളുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. (നടപടി : **എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

128. website സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് C-dit സ്റ്റാഫുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (**നടപടി : WEC സെക്ഷൻ**)

<u>Oneday Home & Ente koodu</u>

129. എറണാകുളം എന്റെ കൂട് സ്ഥാപനത്തിൽ സാമൂഹ്യ വിരുദ്ധർ അതിക്രമിച്ച് കടക്കുന്നതിനാൽ ഒരു വാച്ച് മാനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് എറണാകുളം ജില്ലാ ഓഫീസർ അറിയിച്ചു. One Day Home നും എന്റെ കൂടിനും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സാധൂകരിക്കുന്നതിനുള്ള അനുമതിയക്കായി ബഹു. സെക്രട്ടറിയെ അറിയിക്കണം (**നടപടി : WEC സെക്ഷൻ**)

ബേട്ടി ബച്ചാവോ ബേട്ടി പടാവോ

130. 2024-25 വർഷത്തിലേക്കുള്ള പ്രൊപ്പോസൽ ഉടനെ തന്നെ സമർപ്പിക്കേണ്ടതാണ്. (**നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും** )

<u>CPGRAMS Portal</u>

131. CPGRAMS പോർട്ടലിൽ വനിതകളും കുട്ടികളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ ജില്ലാതലത്തിൽ വരുന്ന പരാതികൾ പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട് Action Taken Report വാങ്ങിക്കേണ്ടതാണ്. (**നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും** )

<u>Planspace പോർട്ടൽ</u>

132. ചില ജില്ലകളിൽ ബിൽ മാറാതെ തന്നെ planspace പോർട്ടലിൽ അപ്ഡേഷൻ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കണം. ചെലവ് വന്നതിനു ശേഷം മാത്രം അപ്ഡേറ്റ് ചെയ്താൽ മതിയാകും. planspace പോർട്ടൽ റിപ്പോർട്ട് നിർദ്ദിഷ്ട പെർഫോർമയിൽ എല്ലാ മാസവും 10 ന് മുൻപായി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. (**നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും** )

<u>ഇ-ഓഫീസ് സംവിധാനം</u>

133. എല്ലാ ഫയലുകളും ഇ-ഓഫീസ് മുഖേന Process ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. എല്ലാ കീഴ്ഓഫീസുകൾക്കും നിർദ്ദേശം നൽകേണ്ടതാണ്. (**നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും** )

<u>NLC/LC & Confidential Report സംബന്ധിച്ച്</u>

134. സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ NLC/LC ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച്

സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടെന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ഒരു വർഷത്തിനകം വിതരണം ചെയ്യേണ്ടതുണ്ടെന്നും Establishment സൂപ്രണ്ട് അറിയിച്ചു. 15.09.2023 ,15.11.2023 തീയതികളിലെ DWCD/815/2023-E2 നമ്പർ സർക്കുലറുകളിലെ മാർഗ്ഗനിർദ്ദേശം പാലിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

135. വിരമിച്ച് ഒരു വർഷത്തിനു ശേഷം ഓഡിറ്റ് നടത്തുന്നതിന് സാങ്കേതിക തടസ്സം ഉണ്ടെങ്കിൽ മാത്രമേ ഓഡിറ്റ് ഓഫീസറുടെ അനുമതിയോടുകൂടി ബോണ്ടിന്റെ അടിസ്ഥാനത്തിൽ NLC വിതരണം ചെയ്യുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ഗസറ്റഡ് ജീവനക്കാരുടെ NLC/LC അനുവദിക്കാൻ പാടുള്ളൂ. കൂടാതെ ഓഡിറ്റ് നടത്തിയിട്ടുള്ള കാര്യാലയങ്ങളിൽ നിന്നും ബാധ്യത നിർണ്ണയം നടത്തുന്നതിന് മുൻപ് ബോണ്ട് പ്രകാരം NLC/LC അനുവദിക്കാൻ പാടില്ലായെന്നും Establishment സൂപ്രണ്ട് അറിയിച്ചു.

136. ഗസറ്റഡ് ജീവനക്കാർ അവസാന 3 വർഷക്കാലം സേവനമനുഷ്ഠിച്ചിരുന്ന കാര്യാലയങ്ങൾ , ഈ കാലയളവിൽ അധിക ചുമതല വഹിച്ചിരുന്ന കാര്യാലയങ്ങൾ എന്നിവ കൃത്യമായും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

137. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു എന്ന കാരണത്താൽ വിരമിച്ച ജീവനക്കാരുടെ NLC/LC അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതായും ഓഡിറ്റ് പരാമർശത്തിൽ സാമ്പത്തിക ബാധ്യത നിലനിൽക്കുകയാണെങ്കിൽ LC കാലതാമസം വരുത്താതെ കാര്യാലയ മേധാവി മുഖേന അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

138. ക്ഷേമസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന പുസ്തകത്തിലെ രേഖപ്പെടുത്തലുകളിൽ ധാരാളം അപാകതകൾ കാണുന്നുണ്ടെന്നും ഗ്രേഡ്, പ്രൊമോഷൻ, റഗുലറൈസേഷൻ , പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നു ഉറപ്പു വരുത്തിയതിനു ശേഷം മാത്രം സേവന പുസ്തകം ഡയറക്ടറേറ്റിൽ അയച്ച് നൽകേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

139. Confidential Report (CR) SCORE പോർട്ടൽ വഴി യഥാസമയം ജീവനക്കാർ അയയ്ക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ആയത് സംബന്ധിച്ച് ജില്ലാ ഓഫീസർമാർ റിവ്യൂ നടത്തേണ്ടതുമാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

140. അച്ചടക്ക നടപടി സംബന്ധിച്ചുള്ള റിപ്പോർട്ട് ഇ മെയിൽ മുഖാന്തിരം അയയ്ക്കുന്നതോടൊപ്പം അതിന്റെ Hard copy കൂടി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. **(നടപടി : എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും )**

29.07.2024

For Director, WCD